# ജി. എച്ച്. എസ്. എസ്. പാഞ്ഞാൾ

ഫോൺ: 04884 - 274892

Email:ghspanjal@gmail.com



# അക്കാദമിക് മാസ്റ്റർ പ്ലാൻ

**തൃശൂർ ജില്ല**

**ചാവക്കാട് വിദ്യാഭ്യാസ ജില്ല**

**വടക്കാഞ്ചേരി ഉപജില്ല**

# എൽ.പി, യു.പി,
# ഹൈസ്കൂൾ വിഭാഗം
# അക്കാദമിക് മാസ്റ്റർപ്ലാൻ
# സമർപ്പണം

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ച്ചപ്പാട്
5. പ്രവർത്തന പദ്ധതി
6. പ്രതീക്ഷിത നേട്ടങ്ങൾ
7. മോണിറ്ററിംഗ് രീതി
8. ഉപസംഹാരം

# വിദ്യാലയത്തിന്റെ വിശദാംശങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഗവ. എച്ച്.എസ്.എസ് പാഞ്ഞാൾ |
| 2. | അഡ്രസ്സ് | : | പാഞ്ഞാൾ |
| 3. | ഫോൺ നമ്പർ | : | 04884 – 274892 |
| 4. | ഇ – മെയിൽ അഡ്രസ്സ് | : | ghspanjal@gmail.com |
| 5. | സ്കൂൾ കോഡ് | : | 24004 |
| 6. | ആൺകുട്ടികൾ/പെൺകുട്ടികൾ രണ്ടുംകൂടിയുള്ളത് | : | രണ്ടുംകൂടിയുള്ളത് |
| 7. | സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് | : | സർക്കാർ |
| 8. | ക്ലാസ്സ് | : | 1 – 12 |
| 9. | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | : | വിദ്യാഭ്യാസം |
| 10. | വിദ്യാഭ്യാസ ഉപജില്ല | : | വടക്കാഞ്ചേരി |
| 11. | വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| 12. | സ്കൂൾ സ്ഥാപിച്ച വർഷം | : | 1934 |
| 13. | അസംബ്ലി നിയോജക മണ്ഡലം | : | ചേലക്കര |
| 14. | പാർലമെന്റ് നിയോജകമണ്ഡലം | : | ആലത്തൂർ |
| 15. | റൂറൽ/അർബൻ | : | റൂറൽ |
| 16. | ബ്ലോക്ക് | : | പഴയന്നൂർ |
| 17. | താലൂക്ക് | : | തലപ്പിള്ളി |
| 18. | പഞ്ചായത്ത് | : | പാഞ്ഞാൾ |

# ആമുഖം

വിദ്യാഭ്യാസം ഒരു ദേശത്തിന്റെ സാമൂഹ്യസാംസ്കാരിക വളർച്ചയ്ക്ക് അടിസ്ഥാനം വെയ്ക്കുന്ന നിർണായകഘടകമാണ്. കുട്ടികളിലെ വ്യക്തിത്വ വികാസം, സൃഷ്ടിപരത്വം, ആകർഷകമായ പഠനാന്തരീക്ഷം എന്നിവ ഉറപ്പാക്കുന്ന രീതിയിൽ ശാസ്ത്രീയമായും ആസൂത്രിതമായും മുന്നോട്ട് കൊണ്ടുപോകേണ്ടതാണ് അക്കാദമിക പ്രവർത്തനങ്ങൾ. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് നമ്മുടെ സ്ഥാപനത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചത്.

ഇത് കുട്ടികളുടേയും അധ്യാപകരുടേയും ആവശ്യങ്ങളും കഴിവുകളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന വിദ്യാഭ്യാസ നയങ്ങൾക്കും പാഠ്യപദ്ധതികൾക്കും അനുയോജ്യമായ രീതിയിൽ തയ്യാറാക്കിയ വിശദമായ പദ്ധതിയാണ്. ഓരോ ക്ലാസിലും വിഷയങ്ങളിലും കൈകാര്യം ചെയ്യേണ്ട പഠനവസ്തുക്കൾ, സമയംക്രമം, രീതിശാസ്ത്രങ്ങൾ, മൂല്യനിർണയ മോഡലുകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തി ശ്രേഷ്ഠതയിലേക്കുള്ള പഠനയാത്ര ഉറപ്പാക്കുന്നു.

ഈ പ്ലാനിന്റെ മുഖ്യലക്ഷ്യം വിദ്യാർത്ഥികളുടെ ആഗോളമാനദണ്ഡങ്ങളോടൊപ്പം നാട്ടിന്റെയും കാലത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ ബോധപൂർവമായ വിദ്യാഭ്യാസപരിഷ്കാരം നടപ്പാക്കുകയാണ്. അധ്യാപകർ, രക്ഷിതാക്കൾ, സ്ഥാപനഭരണം എന്നിവർ ചേർന്ന് മുന്നോട്ട് കൊണ്ടുപോകുന്ന സമഗ്രതയുള്ള ശ്രമമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

# അക്കാദമിക കാഴ്ചപ്പാട്

നൂറുശതമാനം വിജയം എന്ന ലക്ഷ്യം കൈവരിക്കാൻ മുൻ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ടെങ്കിലും കുട്ടിയുടെ ഗുണാത്മകവും സർവതോന്മുഖവുമായ വികസനം എന്ന ലക്ഷ്യത്തിലെത്തിച്ചേരുന്നതിന് ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. അക്കാദമികരംഗം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഓരോ കുട്ടിയെയും കേന്ദ്രീകരിച്ച് ഏറ്റെടുത്തു നടത്തേണ്ടതുണ്ട്. വിവിധ പിന്നോക്കാവസ്ഥകളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് സഹായകമാകും വിധത്തിൽ സോഷ്യൽ പാരന്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. കുട്ടികൾക്ക് ആവശ്യമായ സഹായം ഉറപ്പുവരുത്തുകയും പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പരിശീലനസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഓരോ ക്ലാസ്സിലും അവശ്യം നേടേണ്ട ശേഷികൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

1930 ൽ (കൊല്ലവർഷം 1105) നമ്പൂതിരി ബാലികമാർക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കുന്നതിനുവേണ്ടിയാണ് തലപ്പിള്ളി നമ്പൂതിരിയോഗം ക്ഷേമസഭ ഈ വിദ്യാലയം ആരംഭിച്ചത്. ഇ.എൻ.ബി വിദ്യാലയം എന്നറിയപ്പെട്ടിരുന്ന ഈ സ്കൂൾ 1944 ൽ (കൊ.വ : 1119) പൊതുവിദ്യാലയമായതോടുകൂടിയാണ് എല്ലാ സമുദായങ്ങളിലെയും കുട്ടികൾക്ക് പ്രവേശനം ലഭിച്ചുതുടങ്ങിയത്. പാഞ്ഞാൾ ദേവസ്വം സ്റ്റാഫിന്റെ ഭരണത്തിൽ കീഴിലായിരുന്ന ഈ വിദ്യാലയം 1975 ലാണ് ഗവൺമെന്റ് ഏറ്റെടുക്കുന്നത്. 1976-77 ൽ ആദ്യ എസ്.എസ്.എൽ.സി ബാച്ചിൽ 42 ൽ 9 പേർ വിജയിച്ചത് അന്നീ വിദ്യാലയത്തിന് ചരിത്രമുഹൂർത്തമായിരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തരായിത്തീർന്ന നിരവധി പൂർവ്വ അധ്യാപകരും പൂർവവിദ്യാർത്ഥികളും ഈ വിദ്യാലയത്തിന്റേതായുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. മികച്ച വാഗ്മിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന ശ്രീ. എം.പി. ഭട്ടതിരിപ്പാട്, പ്രശസ്ത നാടകകൃത്തായ ശ്രീ. എം. സുബ്രഹ്മണ്യൻ നമ്പൂതിരി (തുപ്പേട്ടൻ) പാലക്കാട് ഗവ. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലായി വിരമിച്ച ഡോ. കേശവൻ, പ്രമുഖ മനഃശാസ്ത്രജ്ഞൻ ശ്രീ. രാജരാജവർമ, വിദേശകാര്യവകുപ്പിൽ ഉന്നത ഉദ്യാഗസ്ഥനായിരുന്ന ശ്രീ. ശ്രീകുമാരൻ നമ്പൂതിരി, പ്രമുഖ സംസ്കൃത പണ്ഡിതനും കേരള കലാമണ്ഡലം സൂപ്രണ്ടുമായിരുന്ന ശ്രീ. കിള്ളിമംഗലം വാസുദേവൻ നമ്പൂതിരി തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

# ലക്ഷ്യങ്ങൾ

* കുട്ടികളുടെ നൈസർഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുക.
* പ്രവർത്തനങ്ങളിലൂടെ പഠനം എന്ന ആശയം കൈവരിക്കുക
* കലാകായിക രംഗങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
* വിവര വിനിമയ സാങ്കേതികവിദ്യയിൽ സമഗ്രമായ വളർച്ച നേടുക.
* ഏതെങ്കിലും ഒരു കൈതൊഴിൽ കുട്ടികളിൽ വളർത്തുക.
* സമൂഹത്തിന് പൊതുനന്മ ചെയ്യാനുള്ള അവബോധം കുട്ടികളിൽ ഉണർത്തുകയും അവരെ നല്ല പൗരന്മാരാക്കുകയും ചെയ്യുക.
* ശാരീരികവും, മാനസികവും വൈകാരികവും ആയ വളർച്ച ഓരോ കുട്ടികളിലും ഉണ്ടാക്കുക.
* ആംഗലേയ ഭാഷയിൽ സംസാരിക്കുന്നതിനുള്ള നൈപുണി വളർത്തൽ.
* ശാസ്ത്രജ്ഞന്മാരേയും മഹാന്മാരേയും സാഹിത്യകാരന്മാരേയും കുറിച്ചുള്ള അവബോധം വളർത്തുക.
* നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതം ലളിതമാക്കുക.
* ജൈവവളമുപയോഗിച്ചുള്ള കൃഷിക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
* ശുചിത്വശീലം വളർത്തിയെടുക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

**ഭൗതികം**

മികച്ച ഭൗതിക സാഹചര്യങ്ങളിലേക്ക് സ്കൂളിനെ ഉയർത്തേണ്ടതുണ്ട്. യു.പി ഹൈ സ്കൂൾ ക്ലാസ്സുകളിലേയ്ക്കായി – പൂർണ്ണസജ്ജമായ പഠനമുറികൾ നമുക്ക് ആവശ്യമുണ്ട്. കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ ലൈറ്റ്, ഫാൻ എന്നീ സംവിധാനങ്ങൾ ഇനിയും ക്ലാസ് മുറികളിൽ സജ്ജമാക്കേണ്ടതുണ്ട്. സയൻസ് വിഷയങ്ങൾക്കെന്നപോലെ ഭാഷ, സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾക്ക് കൂടി ലാബ് സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടറുകൾ നിലവിൽ ഇല്ലാത്ത അവസ്ഥയിൽ മാറ്റം വരേണ്ടതുണ്ട്. കായിക പഠനങ്ങൾക്കുള്ള സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. എൻ.സി.സി, എസ്.പി.സി യുടെ പരിശീലനത്തിന് പ്രത്യേകം അധ്യാപകരെ നിയമിക്കുന്നത് ആ വിഭാഗത്തെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. സ്ഥിരം ലാബ് – ലൈബ്രറി അസിസ്റ്റന്റ് / അധ്യാപക നിയമനങ്ങൾ പഠനാന്തരീക്ഷം മെച്ചപ്പെടുത്തും.

നിലവിലുള്ള ലൈബ്രറി/റീഡിംഗ് റൂം പ്രവർത്തനങ്ങളിൽ സമഗ്രമായ വികസനം അത്യാവശ്യമാണ്. ഉച്ചഭക്ഷണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യം വെയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കൽ
* പാഠ്യപദ്ധതി മുന്നോട്ടു വെച്ചിട്ടുള്ള പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളും നേടുന്നതിന് ആവശ്യമായ സാഹചര്യം ഉറപ്പാക്കൽ
* ഓരോ കുട്ടിയും വ്യത്യസ്തരാണ്. ഈ വൈവിധ്യത്തെ തിരിച്ചറിഞ്ഞ് കുട്ടികൾക്ക് അവരവരുടെ പരിമിതി മറികടക്കാനും, അതിജീവനത്തിനുള്ള ശേഷി നേടാനും പ്രാപ്തരാക്കൽ
* നിർമ്മിത ബുദ്ധിയടക്കമുള്ള സാങ്കേതിക വിദ്യാഭ്യാസ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
* വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിയും, ഉൾച്ചേർത്തും, ഉൾക്കൊണ്ടും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ
* അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തൽ
* പാഠഭാഗവുമായി ബന്ധപ്പെട്ട വായനാസാമഗ്രികൾ വായനാമൂലയിൽ തയ്യാറാക്കൽ
* കുട്ടികളുടെ മികച്ച രചനകൾ ഒരുക്കൽ
* പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിച്ച് അവരുടെ വായനാനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ
* സ്മാർട്ട് ക്ലാസ്സ്റൂം രൂപീകരണം
* നിരന്തര മൂല്യനിർണ്ണയവും, യൂണിറ്റ് ടെസ്റ്റ്, ഹരിഹാരബോധനം നടപ്പിലാക്കലും
* അക്ഷരദീപം, ശ്രദ്ധ, ഹെൽപിങ്ഹാൻഡ് തുടങ്ങിയ പദ്ധതികളിൽ തയ്യാറാക്കിയ മൊഡ്യൂളുകൾ നടപ്പിലാക്കൽ
* ബഡ്ഡിങ് റൈറ്റേഴ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

# പ്രതീക്ഷിത നേട്ടങ്ങൾ

* എസ്.എസ്.എൽ.സി വിജയശതമാനം മുൻവർഷങ്ങളിലേതുപോലെ നൂറുശതമാനമാക്കാനും എ പ്ലസ് എണ്ണം വർധിപ്പിക്കുന്നതിനും ഡി പ്ലസ് രഹിത വിജയം കൈവരിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

* സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഭൂരിഭാഗം വരുന്ന കുട്ടികളുടെ ഉന്നമനം, പരിസ്ഥിതി സൗഹൃദപരമായ സ്കൂൾ അന്തരീക്ഷം, സർഗ്ഗാത്മകമായ പഠനാന്തരീക്ഷം, ഭാഷാശാസ്ത്രവിഷയങ്ങളുടെ പഠനത്തിൽ കൂടുതൽ മികവാർന്ന സമീപനം, പൊതുവിദ്യാലയങ്ങളുടേയും കുട്ടികളുടേയും ഉയർച്ചയിലൂടെ നാടിന്റെ സമഗ്രപുരോഗതി എന്നിവയാണ് പ്രതീക്ഷിക്കുന്നത്.

# മോണിറ്ററിംഗ്

ഏതൊരു പ്രവർത്തനവും ശരിയായ ദിശയിൽ നടപ്പിലാവണമെങ്കിൽ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാവണം. അക്കാദമിക പ്രവർത്തനങ്ങളെ വ്യത്യസ്തതലങ്ങളിൽ മോണിറ്ററിംഗിനു വിധേയമാക്കാം.

* അധ്യാപകർ തനതായി ചെയ്യുന്നത്.
* പ്രധാനാധ്യാപകൻ
* എസ്. ആർ. ജി
* ബി. ആർ. സി
* എ. ഇ. ഓ
* ഡയറ്റ്
* വിദ്യാഭ്യാസ ഉപഡയറക്ടർ

# ഉപസംഹാരം

തൃശ്ശൂർ ജില്ലയിൽ കുട്ടികളുടെ എണ്ണത്തിൽ ഉയർന്നു നിൽക്കുന്ന സർക്കാർ വിദ്യാലയം എന്ന നിലയിലും അക്കാദമിക രംഗത്ത് മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയം എന്ന നിലയിലും ഹൈടെക് വിദ്യാലയമായി ഉയർത്തപ്പെട്ട നിലയിലും പാഞ്ഞാൾ എച്ച്.എസ്.എസ് വികസനത്തിന്റെ പാതയിൽ തന്നെയാണ് നിലകൊള്ളുന്നത്. ഈ അവസരത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ വികസന പ്രവർത്തനങ്ങളുടെ ഈ അധ്യയന വർഷത്തേക്കുള്ള പദ്ധതി വിശകലന വിവരരേഖ ഇതോടൊപ്പം സമർപ്പിക്കുന്നു.

# പ്രവർത്തനപദ്ധതി വിശകലന രേഖ



| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന വർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ<br>* ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ്സ് അധ്യാപകർ | |
| 2 | വായനാ ശേഷി വളർത്തൽ | * വായനകാർഡ് തയ്യാറാക്കൽ<br>* വായനമൂല ഒരുക്കൽ<br>* റീഡേഴ്സ് തിയേറ്റർ<br>* ക്ലാസ് വായനാകൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ | ജൂൺ, ജൂലൈ<br>ആഗസ്റ്റ് – ഫെബ്രുവരി<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ | | |
| 3 | ലേഖനശേഷി പരിപോഷിപ്പിക്കൽ | * സംയുക്ത ഡയറി എഴുത്ത്, സാങ്കൽപ്പിക ഡയറി എഴുത്ത്<br>* ക്ലാസ് പത്രം തയ്യാറാക്കൽ | ജൂലൈ– ആഗസ്റ്റ് മാസത്തിൽ ഒന്നുവീതം | | |
| 4 | സാഹിത്യകാരന്മാരെ അടുത്തറിയൽ | * സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | | |
| 5 | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | * ഭക്ഷ്യമേള<br>* പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>* ക്ലാസ്സിലൊരു സദ്യ | വർഷത്തിലൊന്ന് | PTA, SRG<br>ക്ലാസ്സ് അധ്യാപകർ | |
| 6 | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്<br>* കലാവതരണം<br>* കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | PTA, SRG<br>ക്ലാസ്സ് അധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല – മലയാളം UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം ഉറപ്പിക്കൽ, അയാളം ഉറപ്പിക്കൽ വാക്കുകൾ ഉറപ്പിക്കൽ, വാക്യങ്ങൾ ഉറപ്പിക്കൽ, കഥ – ബാക്കി എഴുതുക | 2 മാസം | മലയാളം അധ്യാപിക | |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, പത്രവായന, വായനോത്സവം സംഘടിപ്പിക്കൽ, അമ്മ വായന, വായനാകുറിപ്പ് പതിപ്പ്, വായനാദിനാചരണം | 6 മാസം | മലയാളം അധ്യാപിക | |
| 3 | പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | പത്രം, മാസികകൾ എന്നിവ വായിക്കുക പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയയ്ക<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br><br>പ്രതിമാസം | മലയാളം അധ്യാപിക<br><br>മലയാളം അധ്യാപിക | |
| 4 | കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സന്ദർശനം (വയൽ, തോട്ടം) ലഘുനാടകങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക | ജൂൺ – മാർച്ച് | മലയാളം അധ്യാപിക | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക | പ്രീ ടെസ്റ്റ്<br>അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്യങ്ങൾ, വാക്കുകൾ നിർമ്മിക്കൽ, എഴുത്ത് | 2 മാസം | അധ്യാപകർ | |
| 2 | കുട്ടികളിൽ വായനയോടുള്ള അഭിരുചി വളർത്തുക | വായനദിന – മാസാചരണത്തോടനുബന്ധിച്ച്<br>പുസ്തകപരിചയം<br>പുസ്തകാസ്വാദനം തയ്യാറാക്കൽ<br>ഒരു മാസത്തിൽ രണ്ട് പുസ്തകങ്ങൾ വീതം കുട്ടികൾ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു | 7 മാസം | അധ്യാപകർ<br>സ്കൂൾ ലൈബ്രറി | |
| 3 | സാസ്കാരിക സ്ഥാപനങ്ങൾ സന്ദർശിക്കുക.<br>കലകളെ അറിയാൻ | കലാമണ്ഡലം സന്ദർശനം | ഒരു ദിവസം | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം.<br>ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | കുട്ടികൾ അവർ ഇഷ്ടമുള്ള വിഷയത്തെപറ്റി വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത) അവതരിപ്പിക്കുക | ജൂൺ | സംസ്കൃത അധ്യാപിക | |
| 2 | ശരിയായ രീതിയിൽ സംസ്കൃതം ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | സംസ്കൃത വാർത്തകൾ, പദ്യങ്ങൾ, കാർട്ടൂണുകൾ, എന്നിവ റെക്കോഡ് ചെയ്ത് കെൾപ്പിക്കുന്നു<br><br>ന്യൂനതനപദം കണ്ടെത്തി ആ പദം ഉപയോഗിച്ച് കുട്ടികൾ ഒരു വാക്യം എഴുതുന്നു. | ജൂലൈ<br><br>എല്ലാ സംസ്കൃത പിരീഡും | സംസ്കൃത അധ്യാപിക | |
| 3 | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു.<br>തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു | ആഗസ്റ്റ് | സംസ്കൃത അധ്യാപിക | |

മേഖല - അക്കാദമികം

ഉപമേഖല – സംസ്കൃതം HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ | അക്ഷര ചാർട്ട് ക്ലാസ്സിൽ ഒട്ടിക്കുക<br>അക്ഷരക്ലാസ്സ് | ജൂൺ – ആഗസ്റ്റ് | സംസ്കൃത അധ്യാപിക | |
| 2 | സംസ്കൃത പദസമ്പത്ത് | പാഠപുസ്തകം | ജൂൺ – ഫെബ്രുവരി | ഗ്രൂപ്പ് ലീഡർ | |
| 3 | വായന | ഐ. സി. ടി വായന കാർഡ് | ജൂൺ – ഫെബ്രുവരി | അധ്യാപിക<br>ഗ്രൂപ്പ് ലീഡർ | |
| 4 | സംസ്കൃതം കേട്ട് മനസ്സിലാക്കുക | സംഭാഷം ക്ലാസ്<br>ചെറുകഥ<br>കവിത കേൾപ്പിക്കുക | സെപ്റ്റംബർ – ഫെബ്രുവരി വെള്ളിയാഴ്ച ദിവസങ്ങളിൽ മാത്രം | അധ്യാപികയും കുട്ടികളും | |
| 5 | സംസ്കൃതം കേട്ട് അസംബ്ലി | പ്രാർത്ഥന<br>പ്രതിജ്ഞ<br>വാർത്ത<br>ചിന്താവിഷയം | ജൂൺ – ഫെബ്രുവരി | സംസ്കൃത അധ്യാപിക | |

മേഖല - അക്കാദമികം

ഉപമേഖല – അറബി UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അറബിഭാഷയിലെ ഒരേപോ ലെയുള്ള അക്ഷരങ്ങൾ ഉച്ചരി ക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം കുട്ടിക്ക് മനസ്സിലാക്കി കൊടുക്കുക. | * പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക<br>* സാമാർട്ട് ക്ലാസ്റൂമുകളും ഗെയിമുകൾ– കാർഡുകൾ ഉപയോഗപ്പെടുത്തുക<br>* വായന– എഴുത്ത് മത്സരങ്ങൾ സംഘടിപ്പിക്കുക | 3 മാസം | Arabic Club | |
| 2 | ഭാഷയെ പരിചയപ്പെടുക<br>പദസമ്പത്ത് വർദ്ധിപ്പിക്കുക | * പുതിയപദം<br>* വാട്സാപ്പ് വഴി പദങ്ങൾ വാക്കുകൾ അയച്ചുകൊടുക്കുക<br>* മാസത്തിൽ ഒരു ടെസ്റ്റ് നടത്തി വിജയിയെ പ്രഖ്യാപിക്കുക | ജൂൺ മുതൽ ഡിസംബർ വരെ<br>6 മാസം | Arabic Club | |
| 3 | സ്പോക്കൺ അറബി | * മുന്നറിവ് പരിശോധിക്കുക<br>* ഭാഷാമികവ് കളികളിലൂടെ<br>* ക്ലാസ് റൂമിൽ അറബി സംസാരിക്കുക | ഒരു വർഷം | Arabic Club | |
| 4 | കുട്ടികളുടെ കഴിവ് പുറത്തു കൊണ്ടുവരിക | * മത്സരങ്ങൾ<br>* സിമ്പോസിയം<br>* ചർച്ചകൾ | 6 മാസം | Arabic Club | |
| 5 | ദിനാചരണം<br>ബോധവത്കരണം | * പോസ്റ്റർ നിർമ്മാണം<br>* ക്വിസ് നടത്തുക | 1 വർഷം | Arabic Club | |
| 6 | അറബി ഭാഷ പഠനത്തിൽ ഐ. ടി യുടെ സാധ്യത ഉപയോഗപ്പെടുത്തുക | * സ്മാർട്ട് ക്ലാസ്റൂ<br>* ആനിമേഷൻ | ജൂൺ മുതൽ | Arabic Club | |

മേഖല - അക്കാദമികം　　　　ഉപമേഖല – അറബി HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വായിക്കാ വളരാം | * നിലവാരപഠനം<br>* വിശകലനം<br>* വായന സാമഗ്രികൾ ശേഖരിക്കൽ (കാർഡ്, പുസ്തകങ്ങൾ എന്നിവ)<br>* തുടർവായന<br>* ആശയവിവരണം<br>* വായന ഫെസ്റ്റ് | ജൂൺ 12 – 25<br>ജൂൺ 30<br>ജൂലൈ 15<br>ജൂലൈ 15 – ജനുവരി 15<br>ആഴ്ചയിൽ<br>ജനുവരി 1 – 10 | AT<br>AT<br>PTA, AC<br>AT, AC<br>AC<br>PTA, AC | 100<br>750<br>1500 |
| 2 | അറബിയിൽ സംസാരിക്കാം | * മെറ്റീരിയൽ ശേഖരിക്കുക<br>* കേൾക്കാം പറയാം | ജൂലൈ 1 – 30<br>ആഗസ്റ്റ് 5 – ഡിസംബർ 30 | PTA, AC<br>AC | 500 |
| 3 | അറബിക്ക് നിഘണ്ടു പരിചയപ്പെടാം | * ക്രിയകൾ മനസ്സിലാക്കൽ<br>* എന്റെ നിഘണ്ടു | ജൂൺ – ആഗസ്റ്റ്<br>ജൂലൈ – ജനുവരി | AT<br>AC | 200 |
| 4 | പദങ്ങളെ പരിചയപ്പെടാം | * പദച്ചങ്ങല നിർമ്മാണം<br>* പദപയറ്റ്<br>* പദകേളി | ജൂലൈ – ജനുവരി<br>ജൂലൈ<br>ജൂലൈ – ആഗസ്റ്റ് | AC<br>AC<br>AC | 100<br>200<br>200 |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | അറബിക് ക്ലബ്ബ് | * ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | | * ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, Club Members | |
| | | * അന്നശീത്വ് അറബിക് സ്കോളർഷിപ്പ് | ആഗസ്റ്റ് – സെപ്റ്റംബർ | AC | 1000 |
| | | * അറബിക് ഡേ | സെപ്റ്റംബർ – ഡിസംബർ | PTA, AC, CLUB | 1500 |
| | | * മാഗസിൻ പ്രകാശനം | നവംബർ | AC, CLUB | 500 |
| | | * ദിനാചരണങ്ങൾ | ജൂൺ – ജനുവരി | AC, CLUB | |

മേഖല - അക്കാദമികം

ഉപമേഖല – ഹിന്ദി UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്ത് വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവുകൾ നൽകുന്നു | ജൂൺ 4 | ഹിന്ദി അധ്യാപകർ മറ്റു ഭാഷ അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| 3 | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ് എന്നിവയെക്കുറിച്ചുള്ളത് | പരിസ്ഥിതി ദിനം | ജൂൺ 5 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| 4 | | വായനാദിനം<br>അഞ്ചാംക്ലാസിലെ ഹിന്ദി ക്ലബ്ബ് രൂപീകരണം | ജൂൺ 19 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| 5 | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു | ലഹരി വിരുദ്ധദിനം, ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |

മേഖല - അക്കാദമികം

ഉപമേഖല – ഹിന്ദി UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | കവിയെക്കുറിച്ച് അറിയുവാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടി ക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് തടസ്സമല്ല പ്രതിസന്ധി കൾ എന്ന് ബോധ്യപ്പെടുത്താൻ കഴിയുന്നു | പ്രേംചന്ദ് ജയന്തി | ജൂലൈ 31 | ഹിന്ദി അധ്യാപകർ | |
| 7 | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കുന്നു | കുട്ടികളെകൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുന്നു | സെപ്റ്റംബർ 14 | ഹിന്ദി അധ്യാപകർ | |
| 8 | സ്കൂൾ പരിസരം വൃത്തിയാക്കുന്നു | ഗാന്ധിജയന്തി | ഒക്ടോബർ 2 | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റു അധ്യാപകർ<br>പിടിഎ, രക്ഷിതാക്കൾ<br>ഹിന്ദി ക്ലബ്ബ് | |
| 9 | ചാച്ചാജിയെക്കുറിച്ചറിയാനും ദേശസ്നേഹം വർദ്ധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്ന തിലൂടെ ഭാഷയെ വികസിപ്പി ക്കാനും സാധിക്കുന്നു | ശിശുദിനം | നവംബർ 14 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | |
| 10 | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു | വിശ്വഹിന്ദി ദിനം<br>പോസ്റ്റർ നിർമ്മാണം<br>പ്രസംഗം | ജനുവരി 10 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | |

മേഖല - അക്കാദമികം　　　　ഉപമേഖല – ഹിന്ദി UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 11 | ഭാഷാജ്ഞാനം വർദ്ധിക്കാൻ സാധിക്കുന്നു | ഹിന്ദി നാടകോത്സവം<br>* കഥാവായന<br>* കഥാരചന<br>* അഭിനയ പരിശീലനം<br>* ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>* വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റു അധ്യാപകർ<br>പിടിഎ, രക്ഷിതാക്കൾ<br>ഹിന്ദി ക്ലബ്ബ് | |

മേഖല - അക്കാദമികം　　　　ഉപമേഖല – ഹിന്ദി HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | * ഹിന്ദി അക്ഷരമാല നന്നായി പഠിപ്പിക്കുക<br>* വാക്യം നിർമ്മിക്കുക<br>* ഹിന്ദി ഭാഷയിൽ താല്പര്യമുാക്കുക<br>* മാതൃഭാഷയെ പോലെ ഹിന്ദി സ്വായത്വമാക്കാൻ പ്രാപ്തരാക്കുക | * പ്ലക്കാർഡുകൾ ഉപയോഗിക്കുന്നു<br>* ഐസിടി മുഖാന്തരം അക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br>* അക്ഷരങ്ങലെ തിരിച്ചറിയാനുള്ള പ്രവർത്തികൾ<br>* ഐസിടി ഉപയോഗിച്ച് ശരിയായ ഉച്ചാരണം കേൾപ്പിക്കൽ<br>* ഹിന്ദി പസിൽ നിർമ്മാണം<br>* പദപ്രശ്നം പൂരിപ്പിക്കൽ<br><br>* ഐസിടി മുഖാന്തരം കഥ, കവിത പ്രദർശനം<br>* കഥ, കവിത വായിക്കുക, ഗ്രൂപ്പ് ആക്ടിവിറ്റി കൊടുക്കുക | ജൂൺ<br><br>ജൂൺ | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ പിടിഎ<br><br>മാതാപിതാക്കൾ പിടിഎ |
| 2 | ഹിന്ദി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ കഥ, കവിത, സിനിമ എന്നിവ ഐസിടി മുഖാന്തരം പ്രദർശിപ്പിക്കുക | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ പിടിഎ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | പാഠഭാഗവുമായി ബന്ധപ്പെട്ട് ചാർട്ട്, ചോദ്യോത്തര മത്സരങ്ങൾ, കവിത, സന്ദർഭം അഭിനയിക്കൽ എന്നിവ ക്ലാസിൽ അവതരിപ്പിക്കുക | ഒക്ടോബർ | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ പിടിഎ |
| 3 | കുട്ടികളിൽ എഴുതുവാനുള്ള ശീലം വളർത്തുക | ഡയറി, ടിപ്പണി, തിരക്കഥ, സംഭാഷണം എന്നിവ തയ്യാറാക്കൽ | നവംബർ– ഡിസംബർ | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ പിടിഎ |
| | | * പാഠഭാഗവുമായി ബന്ധപ്പെട്ട് നാടകം അവതരിപ്പിക്കുക<br>* പോസ്റ്റർ പ്രദർശനം<br>* യാത്രാവിവരണം തയ്യാറാക്കൽ | ജനുവരി – ഫെബ്രുവരി | ഹിന്ദി അധ്യാപകർ | മാതാപിതാക്കൾ പിടിഎ |

മേഖല - അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ് LP വിഭാഗം

| Sl. No | AIM | ACTIVITIES | TIME PERIOD | IN CHARGE | |
|---|---|---|---|---|---|
| 1 | To develop listening skills | * Picture reading<br>* Riddles<br>* Quiz | June - July | Parents<br>Class Teacher | |
| 2 | To develop reading skills | * Description<br>* Growing sentences<br>* Reading breaking news<br>* Find words from reading materials<br>* News reading in the class | July - August | | |
| 3 | To develop writing skills | * Making word web, word chain<br>* Writing diary notes in English about different activities in school and home | September - December<br>Thrice in a week | Class Teacher | |
| 4 | To improve creativity | * Skit, drama, conversation, story telling | June - March<br>(Once in a month) | | |
| 5 | School assembly in English | * Conducts assembly in English, twice a month | June - March | | |

മേഖല - അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ് UP വിഭാഗം

| | | | | | |
|---|---|---|---|---|---|
| 1 | Improve reading fluency and comprehension | DEAR Time (Drop everything and Read)<br>Weekly loud and silent reading | June - February<br>(Weekly) | English Teacher | |
| 2 | Strengthen vocabulary and speaking confidence | Show and Tell -Picture description - Speaking circle | July - January<br>(Monthly) | English Teacher | |

മേഖല - അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ് UP വിഭാഗം

| Sl. No | AIM | ACTIVITIES | TIME PERIOD | IN CHARGE | |
|---|---|---|---|---|---|
| 3 | Practice - functional and daily - use speaking | Role-plyas-daily converstions-dialogue practice | June-December (Twice a month) | English Teacher | |
| 4 | Buid expresion through poetry an ddrama | Poetry recitation - Readers Theatre - Story dramatization | October - January (Monthly) | English Teacher | |
| 5 | Encourage creative expresion and publication | Class English magazine : Students contri poems, short stories, drawings | November - February | English Teacher | |

മേഖല - അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ് HS വിഭാഗം

| Sl. No | AIM | ACTIVITIES | TIME PERIOD | IN CHARGE | |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | * English Assembly<br>* English Speech<br>* English corner story time | അക്കാദമിക വർഷം Assembly | ടീച്ചേഴ്സ്, എസ് ആർ ജി ഇംഗ്ലീഷ്അധ്യാപകർ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | * English day ആചരണം<br>* English Recitation<br>* Versification | അക്കാദമിക വർഷം | ഇംഗ്ലീഷ്അധ്യാപകർ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | * Making stories by using strips<br>* Flash card (for making)<br>* News reading competitions<br>* Short story writing | ക്ലാസ് പ്രവർത്തനങ്ങൾ Assembly | അധ്യാപകർ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| 4 | നാടകീകരണം | * English Assembly<br>* Skit<br>* Puppet show | Classroom Activities | പി ടി എ അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| Sl. No | AIM | ACTIVITIES | TIME PERIOD | IN CHARGE | |
|---|---|---|---|---|---|
| 5 | കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | * English audio കേൾക്കാനുള്ള അവസരം<br>* Versification<br>* Poem Recitation<br>* Book reviews<br>* Poem appreciations | Classroom Activities | ടീച്ചേഴ്സ്, പി ടി എ | രക്ഷിതാക്കൾ |
| 6 | സാങ്കേതിക വിദ്യാഭ്യാസ സാധ്യത കൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | * പ്രശസ്ത എഴുത്തുകാർ വിവി മേഖലയിൽ ഉള്ള എഴുത്തുകാർ എന്നി വരുടെ Quotes Assembly നടക്കുമ്പോൾ പറയിപ്പിക്കുക<br>* English Films<br>* Scrambled words | Assembly<br>അക്കാദമിക വർഷം | അധ്യാപകർ പി ടി എ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| 7 | സംവാദ സദസ്സുകൾ സംഘടി പ്പിക്കുക | * Dabate | അക്കാദമിക വർഷം | ടീച്ചേഴ്സ് എസ് ആർ ജി ഇംഗ്ലീഷ് ക്ലബ്ബ് | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | * പ്രകൃതി നടത്തം<br>* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു | ജൂൺ – ആഗസ്റ്റ് | അധ്യാപകർ<br>രക്ഷിതാക്കൾ | |
| 2 | ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * ചെടികൾ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | സെപ്റ്റംബർ – നവംബർ | ക്ലാസ്സ് അധ്യാപകർ | |
| 3 | സസ്യങ്ങളുടെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കത്തെുന്നു. | * പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു. ഓരോന്നിന്റേയും ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യമായതെന്ന് കണ്ടെത്തുന്നു.<br>* രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ജനുവരി – മാർച്ച് | ക്ലാസ്സ് അധ്യാപകർ<br>രക്ഷിതാക്കൾ | |
| 4 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ശുചിത്വ സർവ്വേ ക്ലാസ്സുകൾ, പോസ്റ്റർ രചനാ മത്സരം, അവതരണങ്ങൾ | ജൂൺ – ജൂലൈ | SMC, SRG<br>ക്ലാസ്സ് അധ്യാപകർ | |
| 5 | നാടറിയാൻ നാട്ടറിവുകൾ | * കർഷകരുമായി അഭിമുഖം<br>* കൃഷിയിടത്തിലേക്ക്<br>* നമുക്കും കർഷകരാകാം | ജനുവരി | SMC, SRG<br>നാട്ടുകാർ | |
| 6 | ശാസ്ത്രാവബോധം വളർത്തുക | * കണ്ടെത്താം അറിയാം<br>* ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>* കുറിപ്പു തയ്യാറാക്കൽ | ജൂൺ – ആഗസ്റ്റ് | SRG<br>ക്ലാസ്സ് അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7 | പ്രകൃതി വിഭവ സംരക്ഷണം | * ജൈവവൈവിധ്യപാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം<br>* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ – ഡിസംബർ | SRG<br>ക്ലാസ്സ് അധ്യാപകർ | |
| 8 | ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | * ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>* പരീക്ഷണം വീട്ടിനകത്തും<br>* ശാസ്ത്രമാസികകൾ | ജനുവരി – മാർച്ച് | SRG<br>ക്ലാസ്സ് അധ്യാപകർ | |
| 9 | നിരീക്ഷണം – അറിവുനിർമ്മാണം | * പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, CPTA | |
| 10 | ശാസ്ത്രമൂല – ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | * ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG<br>ക്ലാസ്സ് അധ്യാപകർ | |
| 11 | ഭൂപടമൊരുക്കാം<br>കേരളം – ഇന്ത്യ ഭൂപട വായന –സൂചിക–പരിചയപ്പെടൽ | * ഭൂപടവായന, ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ്സ് അധ്യാപകർ | |
| 12 | ശാസ്ത്രവിസ്മയ ചുമർ – ശാസ്ത്രപഠനം രസകരമാക്കൽ | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണകളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| 2 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള | * ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br><br>* യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ | പി ടി എ സയൻസ് ക്ലബ്ബ്<br><br>പി ടി എ സയൻസ് ക്ലബ്ബ് |
| 3 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Thinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി ടി എ സയൻസ് ക്ലബ്ബ് |
| 4 | ആരോഗ്യകായിക വിദ്യാഭ്യാസത്തെ ശാസ്ത്ര ക്ലാസുകളിൽ ശാസ്ത്ര വിഷയങ്ങളുമായി ഉദ്ഗ്രഥനം ചെയ്യൽ | വിവിധ ശാസ്ത്ര ആശയങ്ങൾ ആരോഗ്യ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി കൂടുതൽ വിജ്ഞാനപരമായി അവതരിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | അധ്യാപകർ രക്ഷിതാക്കൾ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അത്ഭുതം കണ്ണിലൂടെ : കൗതുകം, ജിജ്ഞാസ. നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | * ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാനാവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെകൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>* ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി ടി എ<br>പി ടി എ |
| 2 | ശാസ്ത്രലോകത്തേക്ക് : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ചവിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പർ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 3 | ഹൈടെക് വേൾഡ് | ക്ലാസുകളിൽ ശാസ്ത്രമാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 4 | വൈജ്ഞാനിക ബഹിർസ്പുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്<br>പി ടി എ |
| 5 | ശാസ്ത്രപ്രതിഭകളെ തിരിച്ചറിയുക | YIP, INSPIRE പോലുള്ള ദേശീയ, സംസ്ഥാന തല പ്രോജക്ടുകലിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

മേഖല - അക്കാദമികം

ഉപമേഖല – ജീവശാസ്ത്രം HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ജീവശാസ്ത്ര ത്തിലെ നൂതന അറിവുകൾ പങ്കുവയ്ക്കൽ | സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം | യഥാസമയങ്ങളിൽ | ജീവശാസ്ത്ര അധ്യാപകർ | SMC, PTA 5000 |
| 2 | കുട്ടികളിൽ ജീവശാസ്ത്രാഭി രുചി വളർത്തൽ | സ്കൂൾ ശാസ്ത്രമേള, മോഡൽ നിർമ്മാണം<br>ജീവശാസ്ത്രലാബിന്റെ കാര്യക്ഷമമായ ഉപയോഗം | രണ്ടാം ടേം<br>യഥാസമയങ്ങളിൽ | ജീവശാസ്ത്ര അധ്യാപകർ | SMC, PTA |
| 3 | കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ | സയൻസ് മാഗസിൻ നിർമ്മാണം | മൂന്നാം ടേം | സയൻസ് അധ്യാപകർ | SRG |
| 4 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിയുക | YIP, INSPIRE programmes | യഥാസമയങ്ങളിൽ | ജീവശാസ്ത്ര അധ്യാപകർ | SRG |
| 5 | ജീവശാസ്ത്ര പഠനത്തിന് നൂ തന സാങ്കേതിക വിദ്യകളുടെ ഉപയോഗം (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡി യോകൾ, അനിമേഷനുകൾ എന്നിവയുടെ ഉപയോഗം | എല്ലായ്പ്പോഴും | ജീവശാസ്ത്ര അധ്യാപകർ | SRG |
| 6 | ആരോഗ്യ ബോധവത്ക്കരണം | വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെ കുറിച്ചുള്ള ബോധവത്കരണം<br>ആരോഗ്യകരമായ ഭക്ഷരീതി, ജീവിതശൈലി രോ ഗങ്ങൾ എന്നിവയെകുറിച്ചുള്ള ബോധവത്കരണ ക്ലാസ് | യഥാസമയങ്ങളിൽ | ജീവശാസ്ത്ര അധ്യാപകർ | പഞ്ചായത്ത് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സംഖ്യാബോധം ഉളവാക്കൽ | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യാകാർഡ് നിർമ്മിക്കൽ | ജൂൺ | ക്ലാസ്സ് അധ്യാപകർ രക്ഷിതാക്കൾ | |
| 2 | ഗണിതക്കിറ്റ് തയ്യാറാക്കൽ | ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ | ക്ലാസ്സ് അധ്യാപകർ രക്ഷിതാക്കൾ | |
| 3 | സംഖ്യാഗാനങ്ങൾ – ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യ കരമാക്കൽ | സംഖ്യാഗാനങ്ങൾ ശേഖരിക്കുന്നു, പാടുന്നു. | ആഗസ്റ്റ് – ഡിസംബർ | ക്ലാസ്സ് അധ്യാപകർ | |
| 4 | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ, മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം, വ്യവകലനം (കച്ചവടക്കളി)) | ജൂൺ – മാർച്ച് | SRG ക്ലാസ്സ് അധ്യാപകർ | |
| 5 | ഗണിത ശാസ്ത്രപഠനം രസകര മാക്കൽ, കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊ രിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ്സ് അധ്യാപകർ | |
| 6 | ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂൺ – മാർച്ച് | HM, SRG ക്ലാസ്സ് അധ്യാപകർ | |
| 7 | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 8 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകര ണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനു സരണം | ക്ലാസ്സ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല – ഗണിതം LP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 9 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | * ഒറിഗാമി ശില്പശാല – രസകരമായി ഗണിത പഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>* ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ – ഒക്ടോബർ | SRG<br>ക്ലാസ്സ് അധ്യാപകർ | |
| മേഖല - അക്കാദമികം | | | | | ഉപമേഖല – ഗണിതം UP വിഭാഗം |
| 1 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസം | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെ ടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 2 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജന പ്പെടുത്തുന്നു | ഐ. ടി സാധ്യതകൾ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ. ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടി കളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിര യിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർ ദ്ദേശങ്ങൾ | ആഴ്ചയിൽ 1 മണിക്കൂർ | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

മേഖല - അക്കാദമികം

ഉപമേഖല – ഗണിതം UP വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | ഗണിത നിഘണ്ടു ഗണിതവുമായി ബന്ധപ്പെട്ട പദങ്ങളെ അറിയുന്നു | ഗണിത സംബന്ധിയായ പദങ്ങൾ ഉൾപ്പെടുത്തി ഗണിത നിഘണ്ടു നിർമ്മിക്കുന്നു | ജൂൺ – ഫെബ്രുവരി | | |
| 2 | മാത്സ് പസിൽ | മാത്സ് പസിൽ എല്ലാ വെള്ളിയാഴ്ചയും പസിൽ കൊടുത്ത് തിങ്കളാഴ്ച ഉത്തരം കൊണ്ടുവരുന്നു | ജൂലൈ – ഡിസംബർ | | |

മേഖല - അക്കാദമികം

ഉപമേഖല – ഗണിതം HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ആശയങ്ങൾ ഉറപ്പാക്കൽ | ഈ ലക്ഷ്യം പൂർത്തിയാക്കുവാൻ ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുവാൻ പരിശീലനം നൽകുന്നു. ഭിന്നസംഖ്യകൾ, നെഗറ്റീവ് സംഖ്യകൾ എന്നീ ഭാഗങ്ങളിലേയും കൂടുതൽ കണക്കുകൾ ചെയ്യിപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത അധ്യാപകർ | പി ടി എ |
| 2 | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ്ട്രിപ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പി ടി എ | |
| 3 | പ്രായോഗിക പ്രശ്നങ്ങളെ ഗണിത പ്രശ്നങ്ങളാക്കി മാറ്റി പരിഹാരം കാണുന്നതിനുള്ള കഴിവ് | ഇതിനായി നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ഗണിതപരമായി (ബീജഗണിതം) മാറ്റാനുള്ള കഴിവ് നേടുകയും, കണക്കുകൾ മനക്കണക്കായോ സമവാക്യങ്ങൾ ഉപയോഗിച്ചോ ചെയ്തു പൂർത്തിയാക്കാനുമായി പ്രവർത്തനങ്ങൾ നൽകുന്നു | ജൂലൈ– ആഗസ്റ്റ് | ഗണിത ക്ലബ്ബ് | പി ടി എ |

മേഖല - അക്കാദമികം

ഉപമേഖല – ഗണിതം HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | പി ടി എ |
| 5 | സങ്കീർണമായ പ്രശ്നങ്ങളെ ലളിതമായി നേരിടുക | Maths Candy എന്ന പേരിൽ ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഏതെങ്കിലും പാഠഭാഗം വളരെ ലളിതമായി പറഞ്ഞ് കൊടുക്കുക | സെപ്റ്റംബർ– ഒക്ടോബർ | ഗണിതം അധ്യാപകർ | ഗണിതം അധ്യാപകർ |
| 6 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിതം അധ്യാപകർ | ഗണിതം അധ്യാപകർ |
| 7 | ഗണിതത്തിൽ കൂടുതൽ മികച്ചതാവുക | * ദിനാചരണങ്ങൾ ആചരിക്കുന്നു<br>* സെമിനാറുകൾ, ക്വിസ് പ്രോഗ്രാമുകൾ എന്നിവ നടത്തുന്നു | വർഷം മുഴുവൻ | ഗണിതം അധ്യാപകർ | ഗണിതം അധ്യാപകർ |
| 8 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഗണിതത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കാൻ ഒരു പസിൽ വിദ്യാർത്ഥികൾക്ക് കൊടുക്കുവാനും അത് ചെയ്ത് കൊണ്ടുവരാനും നിർദ്ദേശിക്കുന്നു | ജൂൺ– ഫെബ്രുവരി | ഗണിതം അധ്യാപകർ | ഗണിതം അധ്യാപകർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പാർലമെന്ററി ജനാധിപത്യ സമ്പ്രദായം പരിചയപ്പെടുത്തൽ | ഭരണഘടനയും പാർലമെന്ററി സമ്പ്രദായവും പരിചയപ്പെടുത്തുന്നതിന് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നു. തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ടുള്ള തെരഞ്ഞെടുപ്പ് | ജൂൺ – ജൂലൈ | ക്ലാസ് 3 – 10 | വോട്ടിംഗ് പ്രക്രിയക്കാവശ്യമായ സാമഗ്രികൾക്കു വേണ്ട ചെലവ് (വോട്ടേഴ്സ് സ്ലിപ്, ഇങ്ക്, ബാലറ്റ് പേപ്പർ, ബോക്സ്) |
| 2 | ജനാധിപത്യ പ്രക്രിയകളോട് അനുകൂല മനോഭാവം രൂപം കൊള്ളുന്നു. | തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് കൊളാഷ്, ഫ്ളോചാർട്ട് എന്നിവയുടെ നിർമ്മാണം | ഒരു മാസം | 5,7 | |
| | സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക, സാമൂഹിക പ്രതിബന്ധത വളർത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉദാ: ലഹരിവിരുദ്ധദിനം, ജലദിനം തുടങ്ങിയവ പൊതുസമൂഹത്തെ ബോധവത്ക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുക | ഒരാഴ്ച | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വം | 500 |
| 3 | ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ക്ലാസ്റൂം പ്രവർത്തനങ്ങളിൽ കെ ജിയോഗ്രഫി ഉപയോഗപ്പെടുത്തുന്നു. ദിനാചരണങ്ങളുമായും ബന്ധപ്പെട്ട് ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപകർ എസ്.എസ് ടീച്ചർ എച്ച്.എം | |
| 4 | നിരീക്ഷണം, വിവരശേഖരണം, നിഗമനം രൂപീകരിക്കൽ എന്നീ ശേഷികൾ നേടുന്നതിന് | പുരാതന കാലത്തെ ഉപകരണങ്ങളും നാണയങ്ങളും മറ്റും ശേഖരിച്ച് പ്രദർശനം സംഘടിപ്പിക്കുന്നു | ഹ്രസ്വകാലം | 2 – ൧ം ടേം യു.പി തലത്തിൽ ശേഖരിക്കൽ ക്ലാസ് അധ്യാപിക | |
| 5 | കൃഷിയുടെ ആരംഭത്തെയും അത് മനുഷ്യജീവിതത്തിൽ ചെലുത്തിയ സ്വാധീനത്തെയും കുറിച്ച് ധാരണ നേടുക | കൃഷിയുമായി ബന്ധപ്പെട്ട് വയലുകൾ സന്ദർശിക്കുക | ഹ്രസ്വകാലം | എസ്.എസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല – സോഷ്യൽ സയൻസ് HS വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജനസംഖ്യാ വിസ്ഫോടനവും അതിന്റെ അനന്തരഫലങ്ങളെയും കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നടത്തുക. | പോസ്റ്റർ നിർമ്മാണവും ക്വിസ് മത്സരവും | ജൂലൈ 11 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 2 | യുദ്ധവിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുക | ഹിരോഷിമ നാഗസാക്കി ദിനങ്ങൾ<br>* വീഡിയോ പ്രദർശനം * റാലി | ആഗസ്റ്റ് 6<br>ആഗസ്റ്റ് 9 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 3 | കുട്ടികളിൽ ദേശീയത വളർത്തുക | സ്വാതന്ത്ര്യദിനം<br>* Cultural dance *പ്രസംഗം | ആഗസ്റ്റ് 15 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 4 | ഗാന്ധിയൻ ജീവിതരീതിയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ മനസ്സിലാക്കുക | ഗാന്ധിജയന്തി ദിനം<br>* ഉപന്യാസരചന * ഗാന്ധിയെ വരയ്ക്കൽ | ഒക്ടോബർ 2 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 5 | പുത്തൻ വിദ്യാഭ്യാസ നയത്തിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുക | ദേശീയ വിദ്യാഭ്യാസദിനം<br>* ക്വിസ് മത്സരം * ഉപന്യാസ രചന | നവംബർ 11 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 6 | കുട്ടികളുടെ അവകാശത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക | മനുഷ്യാവകാശദിനം<br>* വീഡിയോ പ്രദർശനം | ഡിസംബർ 10 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 7 | ഭരണഘടനയുടെ പ്രാധാന്യം ജനാധിപത്യ മനോഭാവം വളർത്തുക | റിപ്പബ്ലിക് ദിനം<br>* ഡാൻസ് പ്രോഗ്രാം * പ്രസംഗം<br>* ഭരണഘടന ആമുഖ വായന | ജനുവരി 26 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |
| 8 | തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക | തണ്ണീർത്തടദിനം<br>* പോസ്റ്റർ നിർമ്മാണം * വീഡിയോ പ്രദർശനം | ഫെബ്രുവരി 2 | സോഷ്യൽ സയൻസ് ക്ലബ്ബ് | ക്ലബ്ബ് മെമ്പർമാർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഫുട്ബോൾ ക്യാമ്പ്<br>* ശാരീരിക ക്ഷമത, മാസിക ഉല്ലാസം, കുട്ടികളുടെ സർവതോന്മുഖമായ വികാസം<br>* ശരീരചലനങ്ങൾ നിയന്ത്രിക്കുന്ന വിവിധ ഘട്ടങ്ങൾ തിരിച്ചറിയുക.<br>* ശരീരത്തെ സർഗാത്മ കമായ ചലനങ്ങൾക്കുള്ള ഉപാധിയായി വികസിപ്പിക്കുക. | * സെലക്ഷൻ ട്രയൽസ്<br>* മൈനർ ഗെയിംസ്<br>* സ്കൂൾ ക്യാമ്പ്<br>* ഫിറ്റ്നസ് ട്രെയിനിങ്ങ്<br>* പ്രാക്ടീസ് മാച്ചസ്<br>* ഇൻട്രാമൂറൽസ് | ജൂൺ – ഫെബ്രുവരി | കായിക അധ്യാപകർ | |

മേഖല - അക്കാദമികം ഉപമേഖല – കലാ വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ കലാവാസന, സർഗ്ഗാത്മത എന്നിവ വളർത്തുന്നു | പാട്ടുപാടുന്ന കുട്ടികളുടെ ഒരു ഗ്രൂപ്പ് ഉണ്ടാക്കി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. | ജൂൺ – ഫെബ്രുവരി | കലാ അധ്യാപിക | |
| 2 | കുട്ടികളിൽ ദേശീയത വളർത്തുന്നു | കുട്ടികളിൽ ദേശീയതാ മനോഭാവം വളർത്തുന്നതിന് സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് ഇതരഭാഷകളിലെ ദേശഭക്തി ഗാനങ്ങൾ പഠിപ്പിച്ച്അവതരിപ്പിക്കുന്നു. | ആഗസ്റ്റ് – ജനുവരി | | |

മേഖല - അക്കാദമികം ഉപമേഖല – പ്രവൃത്തി പരിചയം

| | | | | | |
|---|---|---|---|---|---|
| 1 | പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് പരിശീലന നൽകൽ | 1 വർഷത്തിൽ 1 മാസം | SRG | 10,000/ തദ്ദേശ സ്വയം ഭരണ സ്ഥാപനം |

മേഖല - അക്കാദമികം

ഉപമേഖല – കൗൺസിലിങ്ങ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകാൻ,<br>നല്ല വ്യക്തിത്വമുള്ളവരാക്കൽ | * ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>* ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിങ്ങ് ഫലപ്രദമാക്കൽ,<br>വ്യക്തിഗത കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്, ബോധവൽക്കരണ ക്ലാസ്സുകൾ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസിലർ അധ്യാപിക | |

മേഖല - അക്കാദമികം

ഉപമേഖല – ദിനാചരണം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ<br>പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ മാർച്ച് | SRG അധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല – സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | **LSS, USS, NMMS** തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | വർഷത്തിൽ 3 മാസം | സയൻസ്<br>സോഷ്യൽ സയൻസ്<br>ഗണിതം<br>അധ്യാപകർ | |
| മേഖല - അക്കാദമികം | | | | | ഉപമേഖല – പി.ടി.എ |
| 1 | രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള നല്ല ബന്ധം ഉറപ്പാക്കാൻ പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | * ക്ലാസ്സ് പി.ടി.എ വിളിച്ചു ചേർക്കൽ<br>* ക്ലാസ്സ് പ്രതിനിധിയെ തെരഞ്ഞെടുക്കൽ<br>* പ്രതിമാസ യോഗം ചേരൽ<br>* പ്രാദേശിക പി.ടി.എ സജീവമാക്കൽ<br>* പത്താംക്ലാസിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ പ്രത്യേക യോഗം വിളിച്ചു ചേർക്കൽ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ<br>ഹെഡ്മിസ്ട്രസ്സ്<br>വാർഡ് മെമ്പർ | |

| Sl. No | AIM | ACTIVITIES | TIME PERIOD | IN CHARGE |
|---|---|---|---|---|
| 1 | To learn basics of electronics | * Electronic components<br>* Current, Voltage, Resistance<br>* Working with various electronic circuits, Soldering | Once in a week<br>(3 hrs class) | HM<br>ATL<br>Tainer<br>ATL<br>Coordinator |
| 2 | To know the fundamentals of robotics | * Introduction to arduino programing<br>* Sensors and actuators<br>* Building basic robots | | |
| 3 | Artificial intelligence - basics | * Demonstration of AI tools<br>* Basic concepts of AI<br>* Python programing | | |
| 4 | 3D designing and printing | * Engineering drawing<br>* 3D designing<br>* 3D printing | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | നിർമ്മിത ബുദ്ധിയെപ്പറ്റിയുള്ള അവബോധം വളർത്തുക | എ.ഐ വിദഗ്ധരുടെ ക്ലാസ്സ്<br>വീഡിയോ പ്രദർശനം<br>ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സന്ദർശനം | നിശ്ചയിച്ച തിയ്യതികളിൽ | ലിറ്റിൽ കൈറ്റ് മിസ്ട്രസ്മാർ SITC | |
| 2 | ഗ്രാഫിക് ഡിസൈനിങ്ങിലുള്ള അഭിരുചി വളർത്തൽ | ഓണാഘോഷവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പൂക്കളനിർമ്മാണം | സെപ്റ്റംബർ | ലിറ്റിൽ കൈറ്റ് മിസ്ട്രസ്മാർ SITC | |
| 3 | ഡിജിറ്റൽ സാഹിത്യവുമായി ബന്ധപ്പെട്ട അറിവുകൾ വളർത്തിയെടുക്കൽ | സ്കൂൾ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, വിനോദയാത്ര തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ട് സ്ക്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | ജനുവരി | | |

മേഖല - ടീൻസ് ക്ലബ്ബ് 2025 – 2026

| പ്രവർത്തനകാലം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | * 2025–26 അധ്യയന വർഷത്തെ ടീൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എട്ടാം ക്ലാസ്സിൽ നിന്നുള്ള ടീൻസ് ക്ലബ്ബ് അംഗങ്ങളെ തിരഞ്ഞെടുക്കൽ<br>* ലോക പരിസ്ഥിതി ദിനം – പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>* ജൂൺ 14 – ലോകരക്തദാന ദിനത്തിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർ നൽകുന്ന ക്ലാസ്സ്. |
| ജൂലായ് | * ലോക ഹെപ്പറ്റൈറ്റിസ് ദിനത്തിനോടനുബന്ധിച്ച് നാച്ചുറൽ സയൻസ് വിഭാഗം അധ്യാപകർ നൽകുന്ന ക്ലാസ്സ്<br>* സ്കൂൾ കൗൺസിലറുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് കൗൺസിലിങ്ങിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള സെഷൻ |
| ആഗസ്റ്റ് | * ദേശീയ കായിക ദിനത്തിനോടനുബന്ധിച്ച് ടീൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ<br>* രക്ഷിതാക്കൾക്കുള്ള പിന്തുണ പരിപാടി |
| സെപ്റ്റംബർ | * സ്കൂളുകളിൽ പച്ചക്കറി, വീടുകളിൽ അടുക്കളത്തോട്ടം കുട്ടികളുടെ നേതൃത്വത്തിൽ നടപ്പിലാക്കൽ<br>* ഉച്ചഭക്ഷണ മാലിന്യങ്ങളെ കമ്പോസ്റ്റ് ആക്കൽ<br>* പേപ്പർ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കൽ |
| ഒക്ടോബർ | * രക്ഷിതാക്കൾക്കുള്ള പിന്തുണ പരിപാടി<br>* അനുതാപം ഉൾച്ചേർക്കാനാവശ്യമായ പുസ്തകങ്ങളുടെ വായന |
| നവംബർ | * ലഹരി മുക്ത കൗമാരം – വിദഗ്ധ ക്ലാസ്സ് സംഘടിപ്പിക്കൽ<br>* ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ ഫ്ളാഷ് മോബ്, റോൾ പ്ലേ...<br>* പാഴ്വസ്തുക്കളിൽ നിന്നും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>* പുസ്തക വായന – ഗാന്ധിയുടെ ആത്മകഥ<br>* വൈകാരിക സുസ്ഥിതി മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |

മേഖല - ടീൻസ് ക്ലബ്ബ് 2025 – 2026

| പ്രവർത്തനകാലം | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ | * പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ<br>* സർഗാത്മകത വളർത്തികൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ |
| ജനുവരി | * സാങ്കേതിക വിദ്യയുടെ സാധ്യതകളും അപകടങ്ങളും വിദഗ്ധർ നയിക്കുന്ന ക്ലാസ്സ്<br>* ടീൻസ് ഡേ ആഘോഷം<br>* മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| ഫെബ്രുവരി | വനിത ശിശുവികസന വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്കെതിരായുള്ള ലൈംഗിക അതിക്രമങ്ങളെക്കുറിച്ചും പോക്സോ ആക്ടിന്റെ നിയമ സാധ്യതകളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ |